സാപ്റ്റിസ്റ്റ് പോണ്ടിച്ചേരി	-	വിടുമ്പ്
ദിസാന്തർ ന്യൂഡൽഹി	-	സുന്ദരി ഒരു നടൻ ഒരുങ്ങുന്നു.
രംഗമണ്ഡൽ ഭോപ്പാൽ	-	ഏക് പരികഥാഔർ
രംഗകർമ്മി കൽക്കത്ത	-	വാമ
	-	ഹിമ്മത്തമായ്
	-	മയ്യത്ത്
വിസ്മയ ന്യൂദൽഹി	-	മോൻദേ
യുഗാനിയോകാനപ്യൂറോ എക്സ്പിരിമെന്റൽ	-	സ്പൈഡേഴ്സ് ഡ്രീം
തിയേറ്റർ ഡൽഹി	-	ബ്യൂട്ടിപാർലർ

(എച്ച്) സംസ്ഥാനത്തിന് പുറത്തുനിന്നും വന്ന എല്ലാ നാടകസംഘങ്ങൾക്കുമായി ആകെ 2,86,923 രൂപ (യാത്രാചെലവ് ഉൾപ്പെടെ) പ്രതിഫലമായി നൽകുകയുണ്ടായി.

(ഐ) 1. ശ്രീമതി കെ.പി.എ.സി. സുലോചന
2. ശ്രീമതി കുട്ട്യേടത്തി വിലാസിനി
3. ശ്രീമതി മേദിനി
4. ശ്രീമതി വിജയലക്ഷ്മി
5. ശ്രീമതി മുരളി ടീച്ചർ
6. ശ്രീമതി പി.സി. ദേവകി ടീച്ചർ
7. ശ്രീമതി ബിയാട്രിസ് അലക്സ്

(ജെ) ശ്രീമതി വിജയകുമാരിയെ ക്ഷണിച്ചുകൊണ്ട് കത്തയച്ചിരുന്നു. എന്നാൽ പ്രസ്തുത ചടങ്ങിൽ അവർ പങ്കെടുത്തില്ല.

(കെ) സ്റ്റേറ്റ് വിമൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ അക്കാദമിയുമായി സഹകരിച്ചിരുന്നു.

(എൽ) സ്റ്റേറ്റ് വിമൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ 50,000/- രൂപ നൽകിയിട്ടുണ്ട്. സ്ത്രീ നാടക പണിപ്പുരയ്ക്ക് ആകെ 15 ലക്ഷം രൂപ ചെലവ് വന്നിട്ടുണ്ട്.

22 (1663) സി-ഡിറ്റിൽ അനുവദിച്ച പ്രൊഫഷണൽ കോളേജിന്റെ പ്രവർത്തനങ്ങൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ സി-ഡിറ്റിന് അനുവദിച്ച പ്രൊഫഷണൽ കോളേജിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ:

(ബി) ഈ സ്ഥാപനം നടത്തുന്ന കോളേജിന്റെ ഘടന, കോഴ്സുകൾ തുടങ്ങിയവയെപ്പറ്റിയുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ അവ തയ്യാറാക്കാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഡി) സ്വാശ്രയ മേഖല, സഹകരണ മേഖല എന്നിവയിൽ ഏതിലാണ് ഈ കോളേജ് ഉൾപ്പെടുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഡി) സി-ഡിറ്റിന് കേരള സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജായി അംഗീകാരം നൽകുന്നത് സംബന്ധിച്ച് പരിശോധനയ്ക്കായി യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് കമ്മിറ്റി സി-ഡിറ്റ് സന്ദർശിച്ചിരുന്നു. അഫിലിയേഷൻ സംബന്ധിച്ച് യാതൊരുവിധ ഔദ്യോഗിക അറിയിപ്പുകളും കേരള യൂണിവേഴ്സിറ്റിയിൽനിന്നും ലഭിച്ചിട്ടില്ല.

23 (1664) കേരള ഗസറ്റിയർ എഡിറ്റർ തസ്തിക

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിൽ കേരള ഗസറ്റിയർ എഡിറ്റർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചിരുന്നോ; എങ്കിൽ നേരിട്ടുള്ള നിയമനത്തിനാണോ അപേക്ഷ ക്ഷണിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇതിൽ ആരെയാണ് നിയമിച്ചത്; പ്രസ്തുത നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണോ;

(സി) റാങ്ക്ലിസ്റ്റിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) നേരിട്ടുള്ള നിയമനത്തിന് അപേക്ഷ ക്ഷണിച്ചിട്ട് ഡെപ്യൂട്ടേഷനിൽ നിയമനം നടത്തിയത് ശരിയാണോ; പ്രസ്തുത നിയമനം റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ഡി) കേരള ഗസറ്റിയേഴ്സ് വകുപ്പിൽ എഡിറ്റർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുകയോ ഇന്റർവ്യൂ നടത്തുകയോ ചെയ്തിട്ടില്ല.

25 (1666) മ്യൂസിയം ക്യാന്റീൻ അനുവദിച്ചതിൽ ക്രമക്കേട്.

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ മ്യൂസിയത്തോടും മൃഗശാലയോടും അനുബന്ധിച്ചുള്ള ക്യാന്റീൻ അനുവദിച്ചതിൽ ക്രമക്കേട് നടന്നതായി പരാതി കിട്ടിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷിക്കുകയോ പരാതിക്കാരൻ മറുപടി നൽകുകയോ ചെയ്തിട്ടുണ്ടോ;

(ബി) ഈ ക്യാന്റീൻ ദർഘാസ് ക്ഷണിക്കുന്നത് ഇനി എപ്പോഴാണ്;

(സി) മ്യൂസിയം കാമ്പൗണ്ടിൽ എത്ര കച്ചവട സ്ഥാപനങ്ങളാണ് നിലവിലുള്ളത് എന്നും ഏതെല്ലാം ഇനങ്ങളാണ് ഇവിടെ വില്പന നടത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly